പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4150 24.06.2019 ൽ മറുപടിയ്ക്ക്

വന്യമൃഗങ്ങളുടെ ആക്രമണം

| | ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2019 മാർച്ച് 31 വരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2019 മാർച്ച് 31 വരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പെട്ട് 360 പേർക്ക് (വന്യജീവി ആക്രമണത്തിൽ പെട്ട് 80 പേരും, പാമ്പുകടിയേറ്റ് 280 പേരും) ജീവഹാനി സംഭവിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ആകെ 610.615 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ബി) | കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ ആക്രമണത്തിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ; | (ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ ആക്രമണത്തിൽ പെട്ട് 3 പേർക്ക് (വന്യജീവി ആക്രമണത്തിൽപ്പെട്ട് ഒരാളും, പാമ്പുകടിയേറ്റ് 2 പേരും ജീവഹാനി സംഭവിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് ആകെ 6 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (സി) | വനമേഖലയോട്ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ മനുഷ്യരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ? | (സി) വനമേഖലയോട്ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ മനുഷ്യരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുന്നതിന് വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018 - 19 വരെ 2413.7 കി.മീ.നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. |

| | | |
|---|---|---|
| | | നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>2 . വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br><br>3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br><br>4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br><br>5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br><br>6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br><br>7 . വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br><br>8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br><br>9.മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ